DESPATCHED
On...22/05/2020

24/02/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1843(4)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.12025/എസ്.ഐ.സി–ജി 2/2015)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സജി കൊടുവത്ത്,
അഡ്വക്കേറ്റ്,
കണ്ടത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്,
കോട്ടയം – 686 002. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി കളക്ടർ (ജനറൽ),
   ജില്ലാ കളക്ടറേറ്റ്, കോട്ടയം.
2. അപ്പീൽ അധികാരി &
   ജില്ലാ കളക്ടർ,
   ജില്ലാ കളക്ടറേറ്റ്, കോട്ടയം.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 07.07.2015 |
| രാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.07.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17.07.2015 |

## ഉത്തരവ്

ശ്രീ. കെ.എ.ജോസഫ്, കണ്ടത്തിൽ, ആനിക്കാട് എന്നയാൾക്ക് തോക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരാഞ്ഞ് 12.05.2015 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും, പിന്നീട് 12.06.2015 ൽ നൽകിയ ആദ്യ അപ്പീലിനും കൃത്യമായ മറുപടി ലഭിച്ചില്ല എന്നാരോപിച്ചാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം 10.08.2015 ൽ ആദ്യ അപ്പീൽ അധികാരികൂടിയായ കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

> "ലൈസൻസ് റദ്ദു ചെയ്തതു സംബന്ധിച്ച കാരണം എസ്.പി.ഐ.ഒ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല എന്നതാണ് അപ്പീലിൽ ഒന്നാമതായി ആരോപിച്ചിരിക്കുന്നത്. തോക്ക് ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടുള്ള അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ 11.02.2015 ലെ എച്ച് 2-63157/2014 ഉത്തരവിൽ തോക്ക് ലൈസൻസ് റദ്ദ് ചെയ്തതിനുള്ള കാരണം വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്. സുരക്ഷാ വീക്ഷണത്തിൽ തോക്ക് ലൈസൻസിന് ശുപാർശ ചെയ്യുന്നില്ലെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് റദ്ദ് ചെയ്തിരുന്നത്. ഈ വിവരം പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ളതും, ഉത്തരവിന്റെ

പകർപ്പ് ആവശ്യമുണ്ടെങ്കിൽ ഫീസടച്ച് കൈപ്പറ്റുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നതാണ്.

2. ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് വളരെയധികം അപേക്ഷകൾ പോലീസ് റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീർപ്പാക്കുവാനുണ്ട്. ലൈസൻസ് പുതുക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ വിവരം പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയില്ലാത്തതാണ്. വിവരാവകാശ അപേക്ഷ പ്രകാരം ടി വിവരങ്ങൾ തയ്യാറാക്കി നൽകണമെങ്കിൽ വളരെയധികം ദിവസം ടി ആവശ്യത്തിനുമാത്രം ചെലവഴിക്കേണ്ടിവരും. ആയത് സെക്ഷനിലെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. ആയതിനാലാണ് ഫയലുകൾ നേരിട്ട് പരിശോധിച്ച് അപേക്ഷകന് ആവശ്യമായിട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയത്.

3. അപേക്ഷകൻ ആവശ്യപ്പെട്ടിരുന്ന എല്ലാ വിവരങ്ങൾക്കും മറുപടി നൽകിയിട്ടുണ്ട്. മനപ്പൂർവ്വം യാതൊരു വിവരവും മറച്ചുവെച്ചിട്ടില്ലാത്തതാണ്. ഏത് ഫയൽ പരിശോധിക്കുന്നതിനും അവസരം നൽകിയെങ്കിലും അപേക്ഷകൻ ഓഫീസിൽ ഹാജരാകുക ഉണ്ടായിട്ടില്ല. ആയതിനാൽ അപ്പീൽ തള്ളി തീർപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.''

3. ഇതിനുശേഷം കമ്മീഷൻ 19.01.2019 ൽ കോട്ടയം കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

4. തോക്ക് ലൈസൻസ് മൂന്നുവർഷത്തേക്കാണ് പുതുക്കുന്നതെന്നും, ലൈസൻസ് പുതുക്കാൻ പോലീസ് റിപ്പോർട്ട് നൽകണമെന്നും, പോലീസ് ഒബ്ജക്ഷൻ പറഞ്ഞാൽ ലൈസൻസ് പുതുക്കി നൽകാൻ കഴിയില്ലെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. ഈ വിവരങ്ങൾ ക്രോഡീകരിച്ചുവയ്ക്കാറില്ലെന്നും, ലൈസൻസ് റദ്ദു ചെയ്തതിന്റെ കാരണം മറുപടിയിൽ പറഞ്ഞിരുന്നുവെന്നും ഇത് പരിശോധിച്ച് പകർപ്പ് ആവശ്യമുണ്ടെങ്കിൽ ഫീസടച്ച് കൈപ്പറ്റാവുന്നതാണെന്ന് 08.06.2015 ൽ നൽകിയ മറുപടിയിൽ പറഞ്ഞിരുന്നുവെന്നും, എന്നാൽ ഇതിനു തയ്യാറാകാതെ, ടിയാൻ അപ്പീൽ നൽകുകയാണു ചെയ്തതെന്നും ഒന്നാം എതിർകക്ഷി തുടർന്ന് മൊഴി നൽകി.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അതിൽ നിന്ന് ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയിൽ പറഞ്ഞതു പ്രകാരം രേഖകൾ പരിശോധിക്കാനോ, ആവശ്യമുള്ള പകർപ്പ് എടുക്കാനോ തയ്യാറാകാതെ ടിയാൻ അപ്പീൽ നൽകുകയാണുണ്ടായതെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

6. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മറ്റു നടപടികളിലേക്ക് പോകേണ്ടതില്ലെന്നു കരുതുന്നു. അതുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 24.02.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re